BEFORE THE HON'BLE COURT OF ENQUIRY COMMISSIONER AND SPECIAL JUDGE (VIGILANCE), KOTTAYAM

# FIRST INFORMATION REPORT(പ്രഥമവിവര റിപ്പോർട്ട്)
## Under Section 154 CrPC
(ക്രിമിനൽ നടപടി നിയമം 154-ാം വകുപ്പ് പ്രകാരം)

1 District((ജില്ല) : ALAPPUZHA P.S (പോലീസ് സ്റ്റേഷൻ) : VACB
FIR No. (പ്രഥമ വിവര നമ്പർ) : VC 1/20/ALP Year(വർഷം) : 2020
Date and time of FIR(പ്രഥമ വിവര റിപ്പോർട്ട് തീയതിയും സമയവും): 04/02/2020, 04.30 A.M

2

| S.No. (ക്രമ നമ്പർ) | Act(നിയമം) | Sections(വകുപ്പുകൾ) |
|---|---|---|
| 1 | PC Act 1988 | 7 |
| | | |

3 (a) Occurrence of Offfence (കുറ്റകൃത്യം സംഭവിച്ച)
Day (ദിവസം) Time Period(സമയം)
Date from (തീയതി മുതൽ) : 01/02/2020 Date to (തീയതി വരെ)
Time from(സമയം മുതൽ) Time to( സമയം വരെ)

(b) Information received at P.S (പോലീസ് സ്റ്റേഷനിൽ വിവരം ലഭിച്ച
Date (തീയതി) : 04/02/2020 Time (സമയം) :04.30
© General Diary Reference (ജനറൽ ഡയറി സൂചനാ വിവരം )
Entry No. 4 Time (സമയം) : 04.30 a.m

4 Type of Information(ലഭിച്ച വിവരത്തിന്റെ സ്വഭാവം) Written

5 Place of Occurrence(കൃത്യസ്ഥലം): KAYAMKULAM

(a) Direction and distance from P.S (പോലീസ് സ്റ്റേഷനിൽ നിന്നുള്ള ദിശയും അകലവും) : 45 KM South
Beat No. (ബീറ്റ് നമ്പർ)
(b) Address (മേൽ വിലാസം)
(c ) In case outside limit of this Police Station, them (പോലീസ് സ്റ്റേഷന്റെ അധികാര പരിധിയ്ക്ക് വെളിയിലാണെങ്കിൽ)

Name of P.S (പോലീസ് സ്റ്റേഷന്റെ പേര്) VACB

District, State (ജില്ല, സംസ്ഥാനം) Alappuzha, Kerala

6 Complainant/Informant(പരാതിക്കാരൻ/അറിവ് നൽകിയ ആൾ)

(a) Name (പേര്): Hussain Ahammad

(b) Father's/Mother's/Husband's Name(പിതാവിന്റെ/മാതാവിന്റെ/ഭർത്താവിന്റെ പേര്) : Abdul Latheef

( c)Date/Year of Birth(ജനന തീയതി/വർഷം) : 49/2020

(d) Nationality(പൗരത്വം) : Indian

(e) UID No. (ആധാർ നമ്പർ)

(f) Passport No. (പാസ്സ്പോർട്ട് നമ്പർ)

Date of Issue(നൽകിയ തീയതി)

Place of Issue (നൽകിയ സ്ഥലം

(g) ID details ( Ration Card, Voters ID Card, UID No., Driving License, PAN( തിരിച്ചറിയൽ രേഖകളുടെ വിശദാംശങ്ങൾ(റേഷൻ കാർഡ്, വോട്ടർ ഐ.ഡി കാർഡ്, ആധാർ നമ്പർ, ഡ്രൈവിങ് ലൈസൻസ്, പാൻ)

| S.No.(ക്രമ നമ്പർ) | ID Type(തിരിച്ചറിയൽ രേഖ) | ID Number(തിരിച്ചറിയൽ രേഖാ നമ്പർ) |
|---|---|---|

(h) Occupation (തൊഴിൽ) :

(i) Address (മേൽ വിലാസം) : Valliyil House, Pathiyoor Village, Erava Muri, Karthikapally, Alappuzha

| S.No.(ക്രമ നമ്പർ) | Type of Address(മേൽ വിലാസത്തിന്റെ തരം) | Address(മേൽ വിലാസം) |
|---|---|---|
| 1 | Present address(നിലവിലെ മേൽ വിലാസം) | |
| 2 | Permanent Address(സ്ഥിരമായ മേൽ വിലാസം) | |

(j) Phone Number (ഫോൺ നമ്പർ)

Mobile Number (മൊബൈൽ നമ്പർ)

7 Details of known/suspected/unknown accused with full particulars (അറിയാവുന്ന/കണ്ടാലറിയാവുന്ന/സംശയിക്കാവുന്ന/അറിയാത്ത കുറ്റവാളികളെ സംബന്ധിച്ച വിശദവിവരങ്ങൾ)

| S.No.(ക്രമ നമ്പർ) | Name (പേര്) | Alias(അപരനാമം) | Relative's Name (ബന്ധുവിന്റെ പേര്) | Address(മേൽ വിലാസം) |
|---|---|---|---|---|
| 1 | Raghu | | | Assistant Engineer, Kayamkulam |

8 Reasons for delay in reporting by the Complainant/Informant (പരാതിക്കാരനോ/അറിവ് നൽകുന്ന ആളോ വിവരം പോലീസ് സ്റ്റേഷനിൽ അറിയിക്കുവാൻ കാലതാമസം വരുത്തിയതിലുള്ള കാരണങ്ങൾ)

No delay

9 Particulars of properties stolent/involved(മോഷ്ടിക്കപ്പെട്ട/കുറ്റകൃത്യത്തിൽ ഉൾപ്പെട്ട സ്വത്തുക്കളുടെ വിവരം)

10 Total value of properties stolen/involved( മോഷ്ടിക്കപ്പെട്ട/കുറ്റകൃത്യത്തിൽ ഉൾപ്പെട്ട സ്വത്തുക്കളുടെ മൊത്തവില....) :

| S.No.(ക്രമ നമ്പർ) | Property type (സ്വത്ത് തരം) | Sub Type(ഉപതരം) | Description (വിശദാംശങ്ങൾ) | Value in Rs. (മൂല്യം രൂപയിൽ) |
|---|---|---|---|---|

11 Inquest Report/U.D Case No. if any(പ്രേത വിചാരണ റിപ്പോർട്ട്/അസ്വാഭാവിക മരണം കേസ് നമ്പർ ഉണ്ടെങ്കിൽ))

| S.No.(ക്രമ നമ്പർ) | Registration type (സ്വത്ത് തരം) | Registration Number(രജിസ്ട്രേഷൻ നമ്പർ) | | |
|---|---|---|---|---|

12 FIR Contents(Attach separate sheets if necessary) എഫ്.ഐ.ആർ ഉള്ളടക്കം

പ്രതി കായംകുളം മുനിസിപ്പാലിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയറായി ചുമതല വഹിച്ചു വരവെ ആവലാതിക്കാരൻ കരാർ ഏറ്റെടുത്ത് പൂർത്തിയാക്കി ബിൽ തുക കൈപ്പറ്റിയ പ്രവർത്തിക്ക് ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടെന്ന് പരാതിക്കാരനെ ധരിപ്പിച്ച് അന്യായ സാമ്പത്തിക നേട്ടം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടെ ടിയാനിൽ നിന്നും 83,000/ രൂപ ആവശ്യപ്പെടുകയും, 01/02/2020 തീയതി രാവിലെ 08.30 മണിയോടെ കൈക്കൂലിയായി ടി തുക ചോദിക്കുകയും, പരാതിക്കാരൻ സാമ്പത്തിക ബുദ്ധിമുട്ടുകൾ പറഞ്ഞതിനെത്തുടർന്ന് 50,000/ രൂപ സമ്മതിച്ച്, ആയത് ഇന്ന് (04/02/2020) രാവിലെ പ്രതിയുടെ വീട്ടിൽ വച്ച് കൈമാറണമെന്ന് ആവശ്യപ്പെട്ട കാര്യം.

13 Action taken since the above report reveals commission of offence(s) U/s. as mentioned at item No. 2(സ്വീകരിച്ച നടപടി മേൽ വിവരിച്ച റിപ്പോർട്ട് പ്രകാരം രണ്ടാം ഇനത്തിൽ കാണിച്ചിരിക്കും പ്രകാരമുള്ള വകുപ്പുകൾ അനുസരിച്ചുള്ള കുറ്റകൃത്യം നടന്നതിനാൽ)

Registered the case and took up the investigation (രജിസ്റ്റർ ചെയ്ത് അന്വേഷണം ഏറ്റെടുത്തു)

FIR read over to the complainant/Informant, admitted to be correclty recorded and a copy given to the complainanat/informant free of cost(പ്രഥമ വിവര റിപ്പോർട്ട് പരാതിക്കാരന്റെ/അറിവ് നൽകിയ ആളെ വായിച്ച് കേൾപ്പിച്ചു. ശരിയായ വിവരം രേഖപ്പെടുത്തിയതാണെന്ന് സമ്മതിച്ചു. റിപ്പോർട്ടിന്റെ ഒരു പർകപ്പ് പരാതിക്കാരന്/അറിവ് നൽകിയ ആളിന് സൗജന്യമായി നൽകി)

14 Signature/Thumb impression of the complainant/Informant (പരാതിക്കാരന്റെ/അറിവ് നൽകിയ ആളിന്റെ കയ്യൊപ്പ്/വിരലടയാളം)

Signature of the Officer-in-charge of Police Station(പോലീസ് സ്റ്റേഷനിൽ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥന്റെ കയ്യൊപ്പ്)

4.2.2020

Name((പേര്) : A.K.VISWANATHAN

15 Date & Time of dispatch to the Court(കോടതിയിലേക്ക് അയച്ച തീയതിയും സമയവും) : 04/02/2020, 05.15 a.m

Rank(പദവി) : DEPUTY SUPDT. OF POLICE

VACB, ALAPPUZHA

ജില്ല : ആലപ്പുഴ
തീയതി:04/02/2020.

പോലീസ് സ്റ്റേഷൻ: വി.എ.സി.ബി,
ആലപ്പുഴ.

# FIRST INFORMATION-പ്രഥമ വിവരം

ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ, പത്തിയൂർ വില്ലേജിൽ, എരുവ മുറിയിൽ, വള്ളിയിൽ വീട്ടിൽ അബ്ദുൾ ലത്തീഫ് മകൻ 49 വയസ്സുള്ള ശ്രീ.ഹുസൈൻ അഹമ്മദ് 04/02/2020 തീയതി വെളുപ്പിന് 04.30 മണിക്ക് ആലപ്പുഴ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് എ.കെ.വിശ്വനാഥനോട് പറയുന്ന മൊഴി.

ഞാൻ ഒരു സി ക്ലാസ് കോൺട്രാക്ടർ ആണ്, പൊതുമരാമത്ത് വകുപ്പ് ആലപ്പുഴ കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസിലാണ് ഞാൻ രജിസ്റ്റർ ചെയ്തിട്ടുള്ളത്. കഴിഞ്ഞ 9 വർഷത്തോളമായി ഞാൻ എൽ.എസ്.ജി.ഡിയുടെ വർക്കുകൾ ഏറ്റെടുത്ത് ചെയ്തു വരികയാണ്. പ്രധാനമായും കായംകുളം മുനിസിപ്പാലിറ്റിയിലെയും, പത്തിയൂർ പഞ്ചായത്തിന്റേയും, മുതുകുളം ബ്ലോക്കിന്റേയും വർക്കുകളാണ് ഏറ്റെടുക്കാറുള്ളത്. റോഡുകളുടേയും, കെട്ടിടങ്ങളുടേയും വർക്കുകൾ ഏറ്റെടുത്ത് ചെയ്യാറുണ്ട്. കായംകുളം മുനിസിപ്പാലിറ്റിയുടെ പല വാർഡുകളിലായി ഞാൻ 2017-18 ൽ ചെയ്ത് പൂർത്തീകരിച്ച പ്രവർത്തികളുടെ ബിൽത്തുക കൈപ്പറ്റിയ ഏഴോളം റോഡ് / ഓട വർക്കുകളുടെ സെക്യൂരിറ്റി തുക നാളിതുവരെ ലഭിച്ചിട്ടില്ല. ഈ വർക്കുകളെല്ലാം സെക്യൂരിറ്റി കാലാവധി കഴിഞ്ഞവയാണ്. ആ വർക്കുകളുടെ ഫയലുകളിൽ മിക്കതിലും സെക്യൂരിറ്റി തുക തിരികെ കൊടുക്കാം എന്ന് സൈറ്റ് ഓവർസിയർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ട് 6-7 മാസം കഴിഞ്ഞെങ്കിലും നാളിതുവരെ സെക്യൂരിറ്റി തുക എനിക്ക് തിരികെ തന്നിട്ടില്ല. ഈ ഫയലുകൾ എല്ലാം ഇപ്പോൾ കായംകുളം മുനിസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.രഘുവിന്റെ മേശപ്പുറത്താണ്. ഈ ഫയലുകളിലെല്ലാമായി രണ്ട് രണ്ടര ലക്ഷത്തോളം രൂപ സെക്യൂരിറ്റി തുക തിരികെ ലഭിക്കാനുണ്ട്. എനിക്ക് തുടർന്നുള്ള വർക്കുകൾ ചെയ്യുന്നതിനായി പണം ആവശ്യമായി വന്നപ്പോൾ ഈ സെക്യൂരിറ്റി തുകകൾ തിരികെ എത്രയും വേഗം ലഭിക്കുന്നതിനായി രഘു സാറിനെ പലതവണ ആഫീസിൽ ചെന്ന് കണ്ടിരുന്നു, അപ്പോഴൊക്കെ അസൗകര്യം പറഞ്ഞ് ഒഴിഞ്ഞു മാറുകയായിരുന്നു. ഈ കഴിഞ്ഞ ശനിയാഴ്ച്ച (01/02/2020) രാവിലെ 08.30 മണിയോടു കൂടി ഞാൻ രഘു സാറിന്റെ പുതുപ്പള്ളിയിലുള്ള വീട്ടിൽ ഇക്കാര്യത്തിനായി വീണ്ടും ചെന്നു, അവിടെ ചെന്നപ്പോൾ കായംകുളം മുനിസിപ്പാലിറ്റി 32-ാം വാർഡിലെ പാലസ് റോഡ് ഇന്റർ ലോക്കിംഗ് എന്ന വർക്കിന് ഓഡിറ്റ് ഒബ്ജക്ഷൻ വന്നതിനാൽ 83,000/- രൂപയോളം അടയ്ക്കണമെന്നും, അതിന് വേണ്ടി പണം രഘു സാറിന് കൊടുക്കണമെന്നും പറഞ്ഞു. ഈ വർക്ക് ഞാൻ 2018-19 വർഷം ഏറ്റെടുത്ത് ചെയ്തിരുന്നതും, വർക്ക് പൂർത്തീകരിച്ചിരുന്നതുമാണ്. ആതിന്റെ ബിൽത്തുക കായംകുളം എസ്.ബി.ഐയിൽ ഉള്ള എന്റെ അക്കൗണ്ടിലേയ്ക്ക് ട്രഷറിയിൽ നിന്നും വന്നിട്ടുണ്ട്.

ബിൽതുക എത്രയാണ് വന്നതെന്ന് എനിക്ക് ഓർമ്മയില്ല. അതിന് ശേഷം 2019 ജൂലൈ
24 ന് ഞാൻ ഹജ്ജിന് പോകുകയുണ്ടായി. ആഗസ്റ്റ് 29 ന് തിരികെ വന്നു. അതിന് ശേഷം
രഘു സാറിനെ ഒരിക്കൽ കണ്ടപ്പോൾ പാലസ് റോഡ് ഇന്റർ ലോക്കിംഗ് എന്ന വർക്കിന്റെ
ബാലൻസ് ഇനിയും ചെയ്യാനുണ്ടെന്നും, അത് മറ്റൊരു വാർഡിൽ ചെയ്യണമെന്നും
ആവശ്യപ്പെട്ടു. എന്റെ വിശ്വാസമനുസരിച്ച് അനർഹമായ തുക എനിക്ക് ലഭിക്കുന്നത്
ഇഷ്ടമല്ലാത്തതിനാൽ ബാലൻസ് വർക്ക് ചെയ്യാനുണ്ടെങ്കിൽ സൈറ്റ് കാണിച്ചു തന്നാൽ ഞാൻ
ചെയ്യാൻ തയ്യാറാണെന്ന് അദ്ദേഹത്തെ അറിയിച്ചു. എന്നാൽ ആദ്യമൊക്കെ പറയാം എന്ന്
പറഞ്ഞെങ്കിലും, പിന്നീട് ചെയ്യേണ്ടെന്നറിയിച്ചു. അതിൽ നിന്നും എന്റെ കൈയ്യിൽ നിന്നും
അനാവശ്യമായി പണം തട്ടാനുള്ള മാർഗ്ഗമാണെന്ന് എനിക്ക് മനസ്സിലായി. ശനിയാഴ്ച്ച
അദ്ദേഹത്തെ വീട്ടിൽ ചെന്ന് കണ്ടപ്പോൾ ആണ് ഈ വർക്കിന്റെ പേരിൽ 83,000/- രൂപ
അദ്ദേഹത്തിന് കൊടുക്കണം എന്ന് ആവശ്യപ്പെട്ടത്. എന്റെ സാമ്പത്തിക ബുദ്ധിമുട്ടുകളും
മറ്റും അറിയിച്ചപ്പോൾ, കാശില്ലെങ്കിൽ ബില്ലുകൾ മാറുന്ന അവസരത്തിൽ തുക തന്നാൽ
മതിയെന്നും, മുഴുവൻ തുകയും തരണമെന്നും ആവശ്യപ്പെട്ടു. വീണ്ടും ബുദ്ധിമുട്ടുകൾ
പറഞ്ഞപ്പോൾ അവസാനം 50,000/- രൂപ നൽകിയാൽ മതിയെന്ന് സമ്മതിച്ചു. ഞാൻ
എന്റെ മറ്റ് വഴികൾ ഉപയോഗിച്ച് മുനിസിപ്പാലിറ്റിയിൽ തെരക്കിയപ്പോൾ ഈ വർക്കിന് ഓഡിറ്റ്
ഒബ്ജക്ഷൻ ഒന്നും ഉണ്ടായിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. 50,000/- രൂപ ഇന്ന്
(04/02/2020) രഘു സാറിന്റെ വീട്ടിൽ രാവിലെ ഓഫീസിൽ പോകുന്നതിന് മുമ്പ് എത്തിക്കണ
മെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. എന്റെ വർക്കുകളിലെ സെക്യൂരിറ്റി തുക നാളിതുവരെ
കൈമാറാത്തതും, ഇപ്രകാരം എന്റെ കൈയ്യിൽ നിന്നും അന്യായമായി കൈക്കൂലി ലഭിക്കു
ന്നതിനുവേണ്ടിയാണെന്നും ഞാൻ കരുതുന്നു. എന്റെ കൈയ്യിൽ നിന്നും അന്യായമായി
കൈക്കൂലി വാങ്ങുന്നതിന് രഘു സാർ നടത്തുന്ന ശ്രമങ്ങൾക്ക് ഞാൻ എതിരാണ്, ആയതിന്
വേണ്ട നിയമനടപടികൾ എടുക്കുന്നതിന് വേണ്ടിയാണ് ഞാൻ വിജിലൻസിൽ പരാതി
സമർപ്പിച്ചത്.

മൊഴി വായിച്ചുകേട്ട്
ശരി

4.2.2020

എ.കെ. വിശ്വനാഥൻ
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്
വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ
ആലപ്പുഴ.